2340
28/2/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി 2014 -15 സാമ്പത്തിക വർഷത്തേയ്ക്ക് അങ്കണവാടികൾക്കാവശ്യമായ മെഡിസിൻ കിറ്റുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം 102 /2015/സാനീവ — തീയതി, തിരുവനന്തപുരം , 20.02.2015

---

പരാമർശം : 1) 13.05.2014 ലെ സ.ഉ(സാധാ)നം. 333/14/സാനീവ നമ്പർ ഉത്തരവ്
2) 19.01.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്.എ1-8834/14 നമ്പർ കത്ത്.

**ഉത്തരവ്**

2014-15 സാമ്പത്തിക വർഷത്തേയ്ക്ക് അങ്കണവാടികൾക്കാവശ്യമായ മെഡിസിൻ കിറ്റുകൾ, ഇ-ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനും ഇതിനാവശ്യമായ 3,30,50,500/- രൂപ 2235-02-102-98-34 OC (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇപ്രകാരം ക്ഷണിച്ച ഇ-ടെണ്ടർ -ൽ HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന ഒരു സ്ഥാപനം മാത്രമേ പങ്കെടുത്തുള്ളൂവെന്നും ടി സ്ഥാപനം സമർപ്പിച്ച മരുന്നു സാമ്പിൾ പരിശോധിച്ച ടെക്നിക്കൽ കമ്മിറ്റിക്ക് വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ മെഡിസിൻ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും നേരിട്ട് മരുന്നു കിറ്റുകൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014-15 വർഷത്തേയ്ക്ക് അങ്കണവാടികൾക്കാവശ്യമായ മെഡിസിൻ കിറ്റുകൾ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിന്നും നേരിട്ടു വാങ്ങി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ലീലാമണി.കെ.എം
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്ര സമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ